**പോലീസ് വകുപ്പ്**

**കേരളം**

**No. D2(a)-3683/2026/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
✉spplkd.pol@kerala.gov.in
☏04912536700
തീയതി. 23-01-2026

**ലേല പരസ്യം**

(കേരള പോലീസ് ചട്ടങ്ങൾ 2020, ഫാറം 2 ചട്ടം 5 കാണുക)

മേൽ സൂചനയിലെ നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്ത 29 ഗ്രാം സ്വർണാഭരണം ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനായി പാലക്കാട് ജില്ലാ പോലീസ് മേധാവി തീരുമാനിച്ചിട്ടുള്ളതാണ്.

വിൽപ്പന പൊതുലേലത്തിൽ ആയിരിക്കുകയും അവകാശികളില്ലാത്ത വസ്തുക്കളും വസ്തുക്കളുടെ ഭാഗങ്ങളും പട്ടികയിൽ നിർദ്ദേശിക്കപ്പെട്ട ഇനങ്ങളിൽ ഉൾപ്പെടുത്തി വിൽപ്പനയ്ക്കായി നീക്കിവെച്ചിട്ടുള്ളതുമാണ്.

വില്പനയ്ക്കായുള്ള ലേലത്തിലേക്ക് പൊതുജനങ്ങൾ പൊതുവായോ, നേരിട്ടോ, അംഗീകൃത ഏജന്റ് മുഖേനയോ ക്ഷണിക്കപ്പെടുന്നു.

ലേലം നീട്ടി വയ്ക്കുന്നതിനുള്ള ഏതെങ്കിലും ഉത്തരവിൻറെ അഭാവത്തിൽ സ്വർണാഭരണത്തിൻറെ ലേലം താഴെ പറയുന്ന തിയ്യതിയിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ വെച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ നടത്തുന്നതാണ്.

| ക്രമ നമ്പർ | വസ്തുവിന്റെ പേര് | എണ്ണം | ഭാരം | പോലീസ് സ്റ്റേഷൻ | ലേല തിയതിയും സമയവും |
|---|---|---|---|---|---|
| 1 | ചെയിൻ | 1 | 29 ഗ്രാം | ആലത്തൂർ | 30/01/2026 രാവിലെ 11.00 മണിക്ക് |

പട്ടികയിൽ നിർദ്ദേശിക്കപ്പെട്ട വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഉത്തമവിശ്വാസത്തിലും നല്കിയതായതിനാൽ ഈ വിളംബരത്തിലെ ഏതെങ്കിലും പിശകിനോ തെറ്റായ പ്രസ്താവനയ്ക്കോ ഉപേക്ഷയ്ക്കോ ജില്ല പോലീസ് മേധാവിയോ മറ്റ് പോലീസ് ഉദ്യോഗസ്ഥരോ ഉത്തരവാദികളല്ലാതാകുന്നതും അവരുടെ പ്രവർത്തികൾ 2011 കേരള പോലീസ് ആക്ടിൻറെ പതിമൂന്നാം വകുപ്പ് പ്രകാരം സംരക്ഷിക്കപ്പെടുന്നതുമാണ്

വർദ്ധിക്കുന്ന ലേലം വിളികളുടെ തുക വിൽപ്പന നടത്തുന്ന സ്റ്റേഷൻ ഹൗസ് ഓഫീസർ തീരുമാനിക്കുന്നതാണ്. ലേലം വിളിയുടെ തുകയിലോ, ലേലം വിളിക്കുന്നവരുടെ കാര്യത്തിലോ തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉചിതമാണെന്ന് കാണുന്ന പക്ഷം ലേല നടപടികൾ പുനഃരാരംഭിച്ച് നടത്തുന്നതാണ്.

ഉയർന്ന ലേലംവിളി നടത്തുന്നയാൾ ലേലത്തിൽ ഉൾപ്പെട്ട ഇനത്തിൻറെ ക്രേതാവ് ആണെങ്കിലും അങ്ങനെ വിളിച്ച് ഉയർന്ന തുക പ്രകടമായി അപര്യാപ്തമാണെന്ന് തോന്നുകയാണെങ്കിലും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആ തുക നിരാകരിക്കുന്നതിനുള്ള വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

ഏതെങ്കിലും സാഹചര്യത്തിൽ ആവശ്യമാണെന്ന് തോന്നുന്ന പക്ഷം മതിയായ കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം ജില്ല പോലീസ് മേധാവിയ്ക്കോ ലേലം നടത്തുന്ന ഉദ്യോഗസ്ഥനോ ലേലം മാറ്റി വയ്ക്കാവുന്നതാണ്

ലേലം ചെയ്യപ്പെട്ട വസ്തുക്കളുടെ കാര്യത്തിൽ ഓരോ ഇനത്തിൻറെയും വില വിൽപ്പന സമയത്ത് ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നത് പോലെ ഉടനടി(3% ജി.എസ്.ടി ഉൾപ്പെടെ) നൽകേണ്ടതും ഇക്കാര്യത്തിൽ വീഴ്ചവരുത്തിയാൽ പുനർലേലം ചെയ്ത് വിൽപ്പന നടത്തുന്നതുമാണ്.

Ajit Kumar

അജിത് കുമാർ ഐ. പി. എസ്.

D2(a)-3683/2026/P

1d625c

ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | ആലത്തൂർ പോലീസ് ISHO ക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി. ആലത്തൂർ പോലീസ് ISHO ഈ വിളംബരം വ്യാപക പരസ്യം നൽകേണ്ടതും എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ട് 30/01/2026 ന് ലേലം നടത്തി, ജി എസ് ടി ഉൾപ്പടെയുള്ള ലേലത്തുക റിപ്പോർട്ട് സഹിതം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. |
| പകർപ്പ് | : | 1) എല്ലാ ജില്ല പോലീസ് മേധാവിമാർക്കും കമ്മീഷണർമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി 2) ജില്ലാ പബ്ലിക് റിലേഷൻസ് ഓഫീസർ, പാലക്കാടിന് വ്യാപകപരസ്യത്തിനും ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി. 3) ഡി.സി, DHQ ക്യാമ്പ്, കല്ലേക്കാട്, ഡി.വൈ.എസ്.പി ആലത്തൂർ എന്നിവർക്ക് അനന്തര നടപടികൾക്കായി 4) എല്ലാ എസ്.ഡി.പി.ഒ മാർക്കും, കാഷ്യർ, ജില്ലാ പോലീസ് ഓഫീസ്, പാലക്കാട് എന്നിവർക്ക് അറിവിലേക്കായി. |